

THURSDAY 16.05.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/05/2024

1. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ നെടിയ ഇനം, കുറിയ ഇനം - 100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ  വിൽപനക്കായി ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/06/2024 മുതൽ 31/05/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 28/05/2024-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ് 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര കാർഷിക കോളേജ്, പുഷ്പകൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി, വാടാർമല്ലി എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ ഈ മാസം 20 നു (20.05.2024) മുമ്പായി 9074222741, 7902856458 എന്നീ ഫോൺ  നമ്പരുകളിൽ ബന്ധപ്പെടുക.

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ  വിൽപ്പനയ്ക്ക് തയ്യാറായി. ആവശ്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാല 27.05.2024 നു രാവിലെ 11 മണിക്ക് വെള്ളായണി കാർഷിക കോളേജിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന 2023 വർഷത്തെ ബിരുദദാന ചടങ്ങ് 29.05.2024 ലേക്ക് മാറ്റി. വേദിയിലും സമയത്തിലും മാറ്റമില്ല. വിശദ വിവരങ്ങൾക്ക് www.convocation.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

6. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇന ത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്.

7. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ. എസ്.എ. സി.സി) കശുമാവ് വ്യാപനത്തിൻറെ ഭാഗമായി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കാർഷിക ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റുകൾ, അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്ന കശുമാവ്, ഒരു മരത്തിൽ നിന്നും 15 മുതൽ 25 കിലോ വരെ ഉൽപ്പാദനം, മഞ്ഞൾ, ഇഞ്ചി, പച്ചക്കറികൾ, കുരുമുളക് എന്നീ ഇടവിള കൃഷിയിലൂടെ അധിക വരുമാനം തൈകൾ ആവശ്യമുള്ളവർ നേരിട്ടോ www.kasumavukrishi.org അല്ലെങ്കിൽ www.cashewcultivation.org എന്ന വെബ്സൈറ്റുകളിലൂടെ ഓൺലൈനായോ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർ (തെക്കൻ മേഖല) 94960 46000, കോ-ഓർഡിനേറ്റർ (വടക്കൻ മേഖല) 94960 47000. ബന്ധപ്പെടേണ്ട മേൽവിലാസം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കശുമാവ് കൃഷി വികസന എജൻസി അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്. കൊല്ലം-691001 ഫോൺ നമ്പർ 0474 -2760456.

8. കോട്ടയം മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംങ്ങിനുമായി 04812373710, 8301897710 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

9. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻറെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

10. ഇടുക്കി ജില്ല കൃഷി വിജ്ഞാനകേന്ദ്രത്തിൽ, ഈ മാസം 16ന് (ഇന്ന്) ബുഷ് പെപ്പർ ഉൽപാദനം, 17ന് സസ്യ പ്രവർദ്ധനവും നഴ്സറി പരിപാലനവും, 20 ന് തേനീച്ച കോളനികളുടെ മഴക്കാല പരിചരണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് 0496 2966041 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.